ങ്ങളിൽ മരുന്നോ ഡോക്ടർമാരോ ഇല്ലെന്നുള്ളത് ഒരു സത്യമാണ്. വേളൂർ പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെൻററിൽ നാട്ടുകാർ ഡോക്ടർക്ക് സ്റ്റാഫിനും താമസിക്കുന്നതിനുവേണ്ടി 50,000 രൂപ ചെലവഴിച്ച് പുതിയ കെട്ടിടം ഉണ്ടാക്കി കൊടുത്തു. എന്നിട്ട് ഇതേവരെ ഒരു ഡോക്ടറെ അവിടെ നിയമിക്കുവാൻ ഗവൺമെൻറിന് കഴിഞ്ഞില്ല. ഈ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് രേഖാമൂലം എഴുതികൊടുത്തിട്ടും സാമാന്യ മര്യാദ എന്ന നിലയിൽ അതിനുവേണ്ട ഒരു മറുപടിപോലും തരാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. കരുണാകരൻ : കെട്ടിടം കെട്ടിക്കഴിഞ്ഞതുകൊണ്ടു മാത്രമായി ഡോക്ടർക്ക് സാങ്ഷൻ കിട്ടുമെന്നില്ല. സ്ഥാപനത്തിന് സാങ്ഷനുണ്ട്, പോസ്റ്റുണ്ടെങ്കിൽ മാത്രമേ കിട്ടുകയുള്ളൂ. ഒരു കെട്ടിടം കെട്ടി ഉടനെ ഡോക്ടറെ നിയമിക്കുവാൻ ഗവൺമെൻറിന് കഴിയുകയില്ല. അതിന് ചില വ്യവസ്ഥകളുണ്ട്.

ടൂറിസ്റ്റ് വാരാഘോഷം

* 4 [4] ശ്രീ. കെ. കെ. ബാലകൃഷ്ണൻ :
,, പി സീതിഹാജി :
,, സിറിയക് ജോൺ :
,, എ. സി. ഷൺമുഖദാസ് :
,, കെ. ശങ്കരനാരായണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ ഓണാഘോഷം (ടൂറിസം വാരാഘോഷം) ഏതെല്ലാം സ്ഥലങ്ങളിലാണ് നടത്തിയത് ;

(ബി) സർക്കാരിന് ഇതിനുവേണ്ടി ആകെ എന്തു തുക ചെലവായി

(സി) ഓരോ ജില്ലയ്ക്കും അലോട്ടു ചെയ്ത തുക എത്ര ;

(ഡി) ഓണാഘോഷ സമയത്ത് എത്ര വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ഇ) ടൂറിസ്റ്റ് വാരാഘോഷത്തിൽനിന്ന് വരുമാനം എന്തെങ്കിലും കിട്ടിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എത്ര ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) കേരളത്തിലെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും വിനോദ സഞ്ചാര വാരാഘോഷം ഓണക്കാലത്ത് നടത്തി.

(ബി) ഈ വർഷത്തെ വിനോദസഞ്ചാര വാരാഘോഷത്തിനായി 40.05 ലക്ഷം (നാല്പതു ലക്ഷത്തി അയ്യായിരം) രൂപയാണ് ഗവൺമെൻറിൽനിന്ന് അനുവദിച്ചത്. ഇതിൽ എന്തു തുക ചെലവായി എന്നതു സംബന്ധിച്ച് എല്ലാ ആഘോഷകേന്ദ്രങ്ങളിൽനിന്നുമുള്ള കണക്കുകൾ പൂർത്തിയാക്കി കിട്ടിയ ശേഷം മാത്രമേ പറയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി)

ജില്ല	ലക്ഷം
തിരുവനന്തപുരം	19,65,000.00
കൊല്ലം	50,000.00
പത്തനംതിട്ട	1,00,000.00
ആലപ്പുഴ	50,000.00
കോട്ടയം	50,000 00
ഇടുക്കി	50,000.00
എറണാകുളം	7,00,000 00
തൃശ്ശൂർ	2,00,000.00
പാലക്കാട്	50,000.00
മലപ്പുറം	50,000.00
കോഴിക്കോട്	2,00,000.00
വയനാട്	50,000.00
കണ്ണൂർ	50,000.00
കാസർഗോഡ്	50,000.00

(ഡി) ഇത് സംബന്ധിച്ച് കൃത്യമായ കണക്ക് ലഭ്യമല്ല.

(ഇ) ഉണ്ട്

(എഫ്) വിനോദസഞ്ചാര വാരാഘോഷത്തിന്റെ കണക്കുകൾ എല്ലാ കേന്ദ്രങ്ങളിൽനിന്നും ശേഖരിച്ചു കഴിഞ്ഞശേഷം മാത്രമേ വരുമാനം എത്രയെന്നു കണക്കാക്കാൻ കഴിയുകയുള്ളൂ.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പഞ്ചായത്ത് തെരഞ്ഞെടുപ്പ്

* 5 [5] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, പി. സീതി ഹാജി :
,, ലോനപ്പൻ നമ്പാടൻ :
,, കെ. പുരുഷോത്തമൻ :
,, കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുക്കപ്പെട്ട എത്ര പഞ്ചായത്തുകളാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത് ;

(ബി) പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുവാനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) പഞ്ചായത്ത് തെരഞ്ഞെടുപ്പ് എന്നത്തേക്ക് നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) പഞ്ചായത്ത് തെരഞ്ഞെടുപ്പുകളെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ എന്താണത് ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികൾ ഇപ്പോൾ ഒരു പഞ്ചായത്തിലും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly